(ബി) എങ്കിൽ പഞ്ചായത്തുകൾക്കുമാത്രം ബാധകമാകുന്ന കെട്ടിട നിർമ്മാണച്ചട്ടങ്ങൾ രൂപീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ : എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ലഘൂകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; ഇതുമായി ബന്ധപ്പെട്ട് എത്ര ഉത്തരവുകൾ ഇറക്കിയിട്ടുണ്ട് ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പഞ്ചായത്തുകൾക്കുമാത്രമായി കെട്ടിട നിർമ്മാണച്ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 6-6-2007-ലെ G.O.(Ms)/150/2007/LSGD നമ്പർ ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ പഞ്ചായത്തുപ്രദേശങ്ങളിലും ബാധകമാക്കിയിട്ടുണ്ട്. തുടർന്ന്, പൊതുജനങ്ങൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ, സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. അവയുടെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.*

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി

136(344) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഈ അടുത്തകാലത്ത് ഭേദഗതി ചെയ്തിട്ടുണ്ടോ ;

(ബി) എന്തെല്ലാം മാറ്റങ്ങളാണ് ഈ ഭേദഗതിയിലൂടെ വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നേരത്തെ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീർപ്പ് കല്പിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ : എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എഫ്.എ.ആർ., കവറേജ്, വഴിയുടെ വീതി, ലേ ഔട്ട് അംഗീകാരം, അംഗവൈകല്യം ബാധിച്ചവർക്കുവേണ്ടിയുള്ള സൗകര്യങ്ങൾ, മഴവെള്ള സംഭരണ സംവിധാനങ്ങളുടെ ചട്ടങ്ങളിലെ പരിഷ്കാരങ്ങൾ, സുരക്ഷാ മേഖല ചട്ടങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ, സർക്കാർ അംഗീകൃത സ്കീമുകളിൽപ്പെട്ട കെട്ടിട നിർമ്മാണങ്ങൾക്കുള്ള ചട്ടങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടാണ് അടുത്ത കാലത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള പ്രധാനപ്പെട്ട മാറ്റങ്ങൾ .

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുമതി വാങ്ങിയശേഷം കെട്ടിട നമ്പർ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതും, ചില കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ നിഷേധിക്കുന്നതുമായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, 2010 ഡിസംബർ 31 വരെ നിയമാനുസൃതം നിർമ്മാണം പൂർത്തിയാക്കിയിട്ടും നമ്പർ ലഭിക്കാത്ത കെട്ടിട അപേക്ഷകൾ പരിശോധിച്ച് പ്രശ്നം പരിഹരിക്കുന്നതിനായി 2011 ജനുവരി 31 മുതൽ ഫെബ്രുവരി 5 വരെ ജില്ലാതല അദാലത്തുകൾ സർക്കാർ സംഘടിപ്പിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട് 6-1-2011-ലെ 73754/ആർ.എ1/10/തസ്വഭവ. 13-1-2011 -ലെ 73754(1) /ആർ.എ1/10/തസ്വഭവ എന്നീ നമ്പരുകളിൽ സർക്കാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലഘൂകരിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഗ്രാമപഞ്ചായത്തു പ്രദേശങ്ങൾക്കു പ്രത്യേകമായി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ആയതിന്റെ കരട് പരിഗണനയിലാണ്. ചില വിഷയങ്ങളിൽ ലഘൂകൃത വ്യവസ്ഥകൾ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലുണ്ട്.

കെട്ടിട നികുതി

137(345) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ :

(ബി) എങ്കിൽ ഏത് വർഷം മുതലാണ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ :

(സി) കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിനായി തയ്യാറാക്കിയിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വസ്തു നികുതി പരിഷ്കരിക്കുന്നത് സംബന്ധിച്ച് കേരള പഞ്ചായത്തീരാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും)ചട്ടങ്ങൾ, കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും. സേവനപദ്ധതികളും സർചാർജ്ജും)ചട്ടങ്ങൾ എന്നിവ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പുതിയ കെട്ടിടങ്ങൾക്ക് ഉത്തരവ് തീയതി മുതലും പഴയ കെട്ടിടങ്ങൾക്ക് 2011 ഏപ്രിൽ 1 മുതലും പുതിയ നിരക്ക് പ്രാബല്യത്തിൽ വരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly